# ഖുർആൻ അവതരണം ക്രോഢീകരണം

## എ. മുഹമ്മദലി

'തൗറാത്ത് (ബൈബിൾ പഴയനിയമം), ഇഞ്ചീൽ (ബൈബിൾ പുതിയനിയമം), ഖുർആൻ എന്നിവയാണ് പ്രവാചകന്മാരിലൂടെ ദൈവം ജനങ്ങൾക്കെത്തിച്ച മുഖ്യ വേദങ്ങൾ. യഥാക്രമം മോസസ് (മൂസാ), യേശുക്രിസ്തു (ഈസാ), മുഹമ്മദ് എന്നീ ദൈവദൂതന്മാരാണ് പ്രസ്തുത ഗ്രന്ഥങ്ങൾ ജനങ്ങൾക്കെത്തിച്ചുകൊടുത്തത്. തൗറാത്തും ഇഞ്ചീലും സബൂറും പൂർണരൂപത്തിൽ ഒന്നിച്ച് അതത് പ്രവാചകന് ദൈവസന്ദേശമായി ലഭിച്ചതായാണ് ഗണിക്കപ്പെടുന്നത്. ഇതിൽനിന്ന് വ്യത്യസ്തമായി ദീർഘമായ ഇരുപത്തിമൂന്നു വർഷങ്ങൾക്കിടയിൽ പലപ്പോഴായി ചെറുഭാഗങ്ങളായാണ് അന്തിമവേദഗ്രന്ഥമായ ഖുർആൻ മുഹമ്മദ്നബിക്കവതരിച്ചത്. ഈ വസ്തുത ഖുർആൻ തന്നെ വെളിപ്പെടുത്തുന്നു: "ഖുർആനെ നാം (വിവിധ) ഖണ്ഡങ്ങളാക്കി (അവതരിപ്പിച്ചു). നീ ജനങ്ങൾക്കത് സാവധാനം ഓതിക്കേൾപ്പിക്കാൻ പാകത്തിൽ. അതിനെ നാം അൽപാൽപമായിത്തന്നെയാണ് ഇറക്കിയിട്ടുള്ളത്" (17: 106).

> മുഹമ്മദ് നബിക്ക് അവതീർണമായ വേദഗ്രന്ഥത്തിന് *ഖുർആൻ* (പാരായണം ചെയ്യപ്പെടുന്നത്) എന്നും *അൽ കിതാബ്* (ഗ്രന്ഥം) എന്നും നാമകരണം ചെയ്തത് ഖുർആൻ തന്നെയാണ്. അതിലെ അധ്യായങ്ങൾക്ക് *സൂറത്ത്* എന്നും സൂക്തങ്ങൾക്ക് *ആയത്ത്* എന്നും ഖുർആൻ തന്നെ പേരിട്ടിരിക്കുന്നു

ഖുർആൻ എന്തുകൊണ്ട് ഒറ്റയടിക്ക് അവതീർണമായില്ല എന്ന അവിശ്വാസികളുടെ ചോദ്യത്തിന് ഖുർആൻ തന്നെ മറുപടി നൽകിയതിങ്ങനെയാണ്: "സത്യനിഷേധികൾ പറയുന്നു; എന്തുകൊണ്ട് ഖുർആൻ ഒറ്റത്തവണയായി അവതരിപ്പിക്കപ്പെട്ടില്ല? അങ്ങനെ ചെയ്തത് നാം അതുവഴി താങ്കളുടെ മനസ്സിനെ ദൃഢപ്പെടുത്താൻ വേണ്ടിയാകുന്നു. അതിനെ നാം സാവകാശം (താങ്കൾക്ക്) ഓതിത്തന്നിരിക്കുന്നു" (25: 32).

ക്രിസ്താബ്ദം 610-ലായിരുന്നു ഖുർആൻ അവതരിച്ചുതുടങ്ങിയത്. ഇതുസംബന്ധമായി പ്രസിദ്ധ ഹദീസ്ഗ്രന്ഥമായ *സ്വഹീഹുൽ ബുഖാരി*യിൽ നബി(സ)യുടെ പത്നി ആഇശ(റ)യിൽനിന്ന് ഉദ്ധരിച്ചിട്ടുള്ള ഹദീസ് ഇപ്രകാരമാണ്: "റസൂലി(സ)ന് ആദ്യകാലത്ത് ഉണ്ടായ ദിവ്യവെളിപാടുകൾ ഉത്തമസ്വപ്നങ്ങളായിരുന്നു. അദ്ദേഹത്തിനുണ്ടായ സ്വപ്നദർശനങ്ങൾ പ്രഭാതോദയം പോലെ യാഥാർഥ്യമായി പുലർന്നുകൊണ്ടിരുന്നു. പിന്നീടദ്ദേഹത്തിന് ജനങ്ങളിൽനിന്നകന്ന് തനിയെ ഇരിക്കുന്നതിൽ താൽപര്യമുണ്ടായി. ഹിറാഗുഹയിലാണദ്ദേഹം തനിച്ചിരിക്കാറുണ്ടായിരുന്നത്. അവിടെ ഏതാനും രാത്രികൾ തുടർച്ചയായി ഭജനമിരിക്കും. പിന്നെ വീട്ടിൽവന്ന് ആവശ്യമായ ആഹാരസാധനങ്ങളുമായി തിരിച്ചുപോകും. (അതുതീർന്നാൽ) വീണ്ടും (പത്നി) ഖദീജയുടെ അടുക്കൽ വന്ന് ഭക്ഷണസാധനങ്ങളുമായി പോകും. അങ്ങനെയിരിക്കെ അദ്ദേഹത്തിന് സത്യപ്രകാശം ലഭിച്ചു. അദ്ദേഹം ഹിറാഗുഹയിലിരിക്കുമ്പോൾ ഒരു മാലാഖ അടുത്തുവന്ന് അദ്ദേഹത്തോട് പറഞ്ഞു: 'വായിക്കൂ.' അദ്ദേഹം പ്രതിവചിച്ചു: 'എനിക്ക് വായന വശമില്ല.' അദ്ദേഹം പറയുന്നു: അപ്പോൾ മലക്ക് എന്നെ ചേർത്തുപിടിച്ചു. എനിക്ക് വലിയ ഞെരുക്കമനുഭവപ്പെട്ടു. പിന്നീടെന്നെ വിട്ടയച്ചുകൊണ്ട് പറഞ്ഞു: 'വായിക്കൂ.' ഞാൻ പറഞ്ഞു: 'എനിക്ക് വായന വശമില്ല.' അപ്പോൾ രണ്ടാമതും എന്നെ ചേർത്തുപിടിച്ചു. എനിക്ക് അതിയായ ഞെരുക്കമനുഭവപ്പെട്ടു. വീണ്ടും എന്നെ വിട്ടയച്ചുകൊണ്ട് പറഞ്ഞു: 'വായിക്കൂ." ഞാനാവർത്തിച്ചു: 'എനിക്ക് വായന വശമില്ല.' അപ്പോൾ മൂന്നാമതും എന്നെ ചേർത്തുപിടിച്ചു. പിന്നീട് വിട്ടയച്ചശേഷം പറഞ്ഞു: "വായിക്കുക, സൃഷ്ടികർത്താവായ നിന്റെ നാഥന്റെ നാമത്തിൽ. മനുഷ്യനെയവൻ ഒട്ടിപ്പിടിക്കുന്നതിൽനിന്ന് സൃഷ്ടിച്ചു. വായിക്കുക; നിന്റെ നാഥൻ അത്യുദാരനത്രെ. പേനകൊണ്ട് പഠിപ്പിച്ചവനല്ലോ അവൻ. മനുഷ്യനറിയാത്തത് അവൻ പഠിപ്പിച്ചു."

ഇതിനെത്തുടർന്ന് മുഹമ്മദ് നബി ചകിതനായി വീട്ടിലേക്ക് മടങ്ങിയതും പത്നി ഖദീജ അദ്ദേഹത്തെ ആശ്വസിപ്പിച്ചതുമായ സംഭവങ്ങൾ ഹദീസിൽ വിവരിക്കുന്നുണ്ട്. അഞ്ചു സൂക്തങ്ങളാണ് ഇങ്ങനെ ഖുർആനിൽനിന്ന് ആദ്യമായി നബിക്കവതരിച്ചത്. ഖുർആനിലെ 96-ാം അധ്യായം അൽ അലഖിലെ ആദ്യത്തെ വാചകങ്ങളാണവ. ഇത് അറബി കാലഗണനയനുസരിച്ച് വർഷത്തിലെ ഒമ്പതാം മാസമായ റമദാനിലെ ഒരു രാത്രിയിലായിരുന്നുവെന്ന് ഖുർആൻ 2: 185-ാം സൂക്തത്തിൽ സൂചിപ്പിക്കുന്നുണ്ട്.

മുഹമ്മദ് നബിക്ക് അവതീർണമായ വേദഗ്രന്ഥത്തിന് *ഖുർആൻ* (പാരായണം ചെയ്യപ്പെടുന്നത്) എന്നും *അൽ കിതാബ്* (ഗ്രന്ഥം) എന്നും നാമകരണം ചെയ്തത് ഖുർആൻ തന്നെയാണ്. അപ്രകാരംതന്നെ അതിലെ അധ്യായങ്ങൾക്ക് *സൂറത്ത്* എന്നും സൂക്തങ്ങൾക്ക് *ആയത്ത്* എന്നും ഖുർആൻ തന്നെ പേരിട്ടിരിക്കുന്നു. കേവലം മൂന്നു ചെറുവാക്യങ്ങൾ മാത്രമുള്ള *സൂറത്തുൽ കൗസർ* മുതൽ 286 സൂക്തങ്ങളടക്കിയ *സൂറത്തുൽ ബഖറ* വരെ ചെറുതും വലുതുമായ 114 അധ്യായങ്ങളാണ് ഖുർആനിലുള്ളത്.

ഈ കാലയളവിൽ ചിലപ്പോൾ ചെറു അധ്യായങ്ങൾ മുഴുവനായും മറ്റു ചിലപ്പോൾ ഏതാനും സൂക്തങ്ങളോ ഒരു സൂക്തത്തിന്റെ ചെറുഭാഗമോ മാത്രമായുമാണ് ദിവ്യസന്ദേശം അവതരിച്ചിരുന്നത്. മുകളിൽ പറഞ്ഞ സൂറത്തുൽഅലഖിലെ ആദ്യഭാഗം പോലെ അഞ്ചു സൂക്തങ്ങൾ വീതം നബിക്കവതരിച്ചിരുന്നതായി പറയുന്ന ഹദീസുകളുണ്ട്. സൂറത്തുൽ മുഅ്മിനൂനിലെ ആദ്യത്തെ പത്തുവാക്യങ്ങളും സൂറത്തുന്നൂറിലെ 11 മുതൽ 21 വരെ ആയത്തുകളും പോലെ ചിലപ്പോൾ പത്തു വീതം സൂക്തങ്ങൾ ഇറങ്ങിയതായും കാണാം. അപൂർവമായി ദീർഘമായ അധ്യായങ്ങൾ മുഴുവനായും (ഉദാ: സൂറത്തുൽ അൻആം) അവതരിക്കുകയുണ്ടായിട്ടുണ്ട്.

### വഹ്യ് അഥവാ ദിവ്യബോധനം

മനുഷ്യനായ പ്രവാചകന് അദൃശ്യനും നിരാകാരനുമായ ദൈവത്തിങ്കൽനിന്ന് സന്ദേശം ലഭിച്ച മാർഗവും രീതിയുമെന്തായിരുന്നുവെന്നത് ദൈവഗ്രന്ഥത്തെ സംബന്ധിക്കുന്ന പഠനത്തിൽ വളരെ പ്രസക്തമാണ്. ഖുർആൻ അതിനുത്തരം

നൽകുന്നു: "ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുക സംഗതമല്ല; ദിവ്യബോധനത്തിന്റെ രൂപത്തിലല്ലാതെ. അഥവാ ഒരു മറയ്ക്കു പിന്നിൽനിന്ന്. അല്ലെങ്കിൽ ഒരു ദൂതനെ അയച്ചുകൊണ്ട്, എന്നിട്ട് അവന്റെ അനുമതിയോടെ ആ ദൂതൻ അവനുദ്ദേശിക്കുന്നത് ബോധനം ചെയ്യുന്നു. നിശ്ചയം, അവൻ സർവോന്നതനും യുക്തിജ്ഞനുമത്രെ" (42: 51). പ്രവാചകന്റെ മനസ്സിൽ ദൈവികമായുണ്ടാകുന്ന വെളിപാട്, അദൃശ്യനായ ദൈവത്തിൽനിന്ന് ശ്രവിക്കുന്ന അശരീരി, ദൈവസന്ദേശ വാഹകരായ മാലാഖമാർ മുഖേന ലഭിക്കുന്ന സന്ദേശം ഇങ്ങനെ മൂന്നു മാർഗേണയാണ് ദൈവസന്ദേശം മനുഷ്യന് ലഭിക്കുകയെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. ഖുർആൻ മുഹമ്മദ് നബിക്ക് ലഭിച്ചത് ദൈവ നിയുക്തനായ മാലാഖ ജിബ്രീൽ മുഖേനയാണെന്ന് ഖുർആൻ പ്രസ്താവിക്കുന്നു: "നിശ്ചയം, അത് (ഖുർആൻ) ലോകനാഥനിൽനിന്ന വതീർണമായതത്രെ. വിശ്വസ്തനായ ആത്മാവ് (ജിബ്രീൽ) അതിനെ അവതരിപ്പിച്ചു; താങ്കളുടെ ഹൃദയത്തിൽ. താങ്കൾ മുന്നറിയിപ്പുകാരി ലുൾപ്പെടുന്നതിന്" (26: 192-194).

മനുഷ്യരിലാർക്കെങ്കിലും ദൈവം പ്രത്യേകമായ ബോധനം നൽകുകയെന്ന സങ്കൽപത്തെത്തന്നെ തള്ളിക്കളഞ്ഞുകൊണ്ട് ഖുർ ആൻ മുഹമ്മദിന്റെ കവിഭാവനയിലൂറിക്കൂടിയതാണെന്നും അതല്ല, മാന സികവിഭ്രാന്തിക്കടിപ്പെട്ട് ഓരോ സമയത്ത് തോന്നുന്നത് പറയുന്നതാ ണെന്നും ജൂത-ക്രൈസ്തവവേദപണ്ഡിതന്മാരിൽനിന്ന് കേട്ടുപഠിച്ച കാര്യങ്ങൾ ഉരുവിടുന്നതാണെന്നുമെല്ലാം മുഹമ്മദീയപ്രവാചകത്വത്തെ നിഷേധിച്ചവർ അന്നുതന്നെ പറഞ്ഞുനടന്നിരുന്നു. ഇതു ഖണ്ഡിച്ചു കൊണ്ട് മനുഷ്യവംശത്തിന് ദൈവികമാർഗദർശനം എത്തിച്ചുകൊടുക്കാ നായി തെരഞ്ഞെടുക്കപ്പെട്ട, മനുഷ്യചരിത്രാരംഭം മുതലുള്ള ദൈവദൂത ന്മാർക്ക് നൽകിപ്പോന്ന തരത്തിലുള്ള ദിവ്യവെളിപാടുകളാണ് അല്ലാഹു മുഹമ്മദിനും നൽകിക്കൊണ്ടിരിക്കുന്നതെന്ന് ഖുർആൻ വ്യക്തമാക്കി. അതോടൊപ്പം ഖുർആന്റെ പ്രൗഢഗംഭീരവും ആശയസമ്പുഷ്ടവും വൈവിധ്യമാർന്നതുമായ ഉള്ളടക്കത്തിലേക്ക് ചൂണ്ടിക്കൊണ്ട് അത്തര മൊരു ഗ്രന്ഥം ചിത്തഭ്രമം സംഭവിച്ചവരുടെയും മാരണവിദ്യക്കിരയായവ രുടെയും ബുദ്ധിയിൽ നിന്ന് ഉറവെടുക്കാനും മറ്റു ഗ്രന്ഥങ്ങളെ അനുകരി ച്ചാവാനും സാധ്യമല്ലെന്നും ഖുർആൻ സമർഥിച്ചു.

## ഖുർആൻ അൽപാൽപമായി അവതരിപ്പിക്കപ്പെട്ടതെന്തിന്?

ഇരുപത്തിമൂന്ന് വർഷങ്ങളിൽ പല സന്ദർഭങ്ങളായി ചെറുഭാഗങ്ങ ളായി ഖുർആൻ അവതീർണമായതിന്റെ കാരണവും ആവശ്യവുമെന്താ യിരുന്നു? ഈ ചോദ്യത്തിന് മറുപടിയായി രണ്ടു മൂന്നു കാര്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു:

ഒന്ന്, മുഹമ്മദ്നബി(സ)യും പൊതുവെ അറേബ്യൻ നിവാസിക ളിലെ ബഹുഭൂരിപക്ഷവും എഴുത്തും വായനയും വശമില്ലാത്തവരായിരു ന്നു. ഖുർആൻ ഒന്നിച്ച് ലിഖിതരൂപത്തിൽ ലഭിക്കുന്ന പക്ഷം അത് മുഴു വൻ ഗ്രഹിക്കാനും ഉൾക്കൊള്ളാനും അവർക്ക് ഏറെ പ്രയാസങ്ങളുണ്ടാ വുമായിരുന്നു. മറിച്ച്, അഞ്ചും പത്തും വാക്യങ്ങളും ചെറു അധ്യായങ്ങ ളുമായി ഖുർആൻ അവതരിച്ചതുമൂലം ഓരോ പ്രാവശ്യവും ലഭിക്കുന്ന ഭാഗങ്ങൾ മനഃപാഠമാക്കാനും അവയിലടങ്ങിയ നിയമനിർദേശങ്ങൾ പ്രാവർത്തികമാക്കാനും അവർക്കെളുപ്പമായി.

രണ്ട്, വിവിധ സന്ദർഭങ്ങളിൽ ദൈവസന്ദേശവാഹകനായ മാലാഖ പ്രവാചകന്റെ സവിധത്തിലെത്തുകയും പ്രബോധനകർത്തവ്യ നിർവഹണത്തിനിടയിൽ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ദൈവികമാർഗനിർദേശങ്ങളെത്തിച്ചുകൊടുക്കുകയും ചെയ്തത് നബിക്ക് സ്ഥൈര്യവും മനസ്സമാധാനവും നൽകാൻ പര്യാപ്തമായി. സംഭവബഹുലമായ ദൗത്യനിർവഹണ കാലത്തിനിടയിൽ നബി അഭി മുഖീകരിച്ച ഗുരുതരമായ പ്രശ്നങ്ങളിലും നിർണായകപ്രതിസന്ധിക ളിലും കൈക്കൊള്ളേണ്ട നിലപാടുകളെസ്സംബന്ധിച്ച് വ്യക്തവും ഖണ്ഡിതവുമായ ദൈവികനിർദേശങ്ങൾ അടങ്ങിയ ഖുർആൻവാക്യങ്ങ ളാണ് നബിക്ക് അപ്പപ്പോൾ ലഭിച്ചുകൊണ്ടിരുന്നത്.

മൂന്ന്, ഇസ്ലാമികജീവിതക്രമത്തിലെ അടിസ്ഥാനകർമങ്ങളെക്കു റിച്ച വിധികളും ധാർമിക-സദാചാരവ്യവസ്ഥകളും രാഷ്ട്രീയ-സാമൂഹി ക-സാംസർഗികനിയമങ്ങളുമെല്ലാമടങ്ങിയതാണ് ഖുർആൻ. പ്രസ്തുത വ്യവസ്ഥകളും നിയമവിധികളും പ്രാവർത്തികമാക്കാൻ ഖുർആനെ അം ഗീകരിക്കുന്ന ഓരോ വിശ്വാസിയും വിശ്വാസിനിയും ബാധ്യസ്ഥരാണ്. മനുഷ്യജീവിതമേഖലകളെയഖിലം ബാധിക്കുന്ന പ്രസ്തുത നിയമ ങ്ങളും ശാസനകളും ഒറ്റയടിക്ക് നടപ്പിലാക്കുക അതീവദുഷ്കരമാണ്. വിശ്വാസികൾക്ക് നിർബന്ധമായ അനുഷ്ഠാനകർമങ്ങളും നിയമചട്ട ങ്ങളും അൽപാൽപമായി അവതരിപ്പിച്ച് നീണ്ട ഇരുപത്തിമൂന്നു വർഷ ങ്ങൾകൊണ്ട് പൂർത്തീകരിച്ചത് സമൂഹത്തിന് അങ്ങേയറ്റം ഗുണകരവും അവ പൂർണമായും പ്രയോഗവത്കരിക്കാൻ സഹായകവുമായിരുന്നു.

മദ്യനിരോധം, ക്രിമിനൽ ശിക്ഷാനിയമങ്ങൾ, യുദ്ധവും സന്ധിയും സംബന്ധിച്ച നിയമങ്ങൾ തുടങ്ങി പല വിഷയങ്ങളിലും മാറിവരുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് വ്യത്യസ്ത നിലപാടു കൾ സ്വീകരിച്ച് ക്രമേണയാണ് അന്തിമവിധികൾ നടപ്പാക്കിയത്. ഖുർ ആൻ ഖണ്ഡശഃ അവതരിച്ചുകൊണ്ടിരുന്നതുമൂലമാണ് ഇതും സാധ്യമായ ത്.

## ഖുർആൻ ലിഖിതരൂപത്തിൽ

വഹ്യ് ലഭിക്കുന്ന ഖുർആൻസൂക്തങ്ങൾ എഴുതിവയ്ക്കാൻ നബി എഴുത്തും വായനയുമറിയുന്ന ശിഷ്യന്മാരെ നിയോഗിച്ചിരുന്നു. അബൂബക്ർ, ഉമർ, ഉസ്മാൻ, അലി, ഖാലിദുബ്നു വലീദ്, മുആവിയ, സൈദുബ്നു സാബിത് (റ) തുടങ്ങി ഇരുപതിലധികം പേർ 'വഹ്യ് എഴുത്തുകാർ' എന്നറിയപ്പെട്ടിരുന്നു. ഖുർആൻ രേഖപ്പെടുത്തിയിരുന്ന രീതി ഉസ്മാൻ (റ) വിവരിക്കുന്നു: "അല്ലാഹുവിന്റെ ദൂതന് (ഒരേകാല ത്ത്) വിവിധ സൂറകൾ അവതരിക്കാറുണ്ടായിരുന്നു. അപ്രകാരം വല്ലതും അവതരിച്ചാൽ വഹ്യ് എഴുതിയിരുന്നവരിൽ ചിലരെ വിളിച്ച് 'ഈ ആയ ത്തുകൾ ഇന്ന വിഷയം പറയുന്ന സൂറയിൽ രേഖപ്പെടുത്തുക' എന്ന് അദ്ദേഹം പറയുമായിരുന്നു" (തിർമിദി).

ഇന്നത്തെപ്പോലെ കടലാസും മറ്റു എഴുത്തുസാമഗ്രികളും സുലഭ മല്ലാതിരുന്ന അക്കാലത്ത് ഈത്തപ്പന മട്ടൽ, കരിങ്കൽ പാളികൾ, പരന്ന എല്ല്, തോൽക്കഷ്ണങ്ങൾ എന്നിവയിലാണ് ഖുർആൻ എഴുതി സൂക്ഷി ച്ചിരുന്നതെന്നും ഹദീസുകൾ വ്യക്തമാക്കുന്നു. നബി(സ) എഴുതിച്ച് സ്വന്തം അധീനത്തിൽ സൂക്ഷിച്ച ഈ ഔദ്യോഗികലിഖിതങ്ങൾക്ക് പുറമെ വ്യക്തിപരമായ പഠനത്തിനുവേണ്ടി പല സ്വഹാബിമാരും ഖുർ ആൻ എഴുതിയെടുത്തിരുന്നതായും പ്രബലമായ ഹദീസുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഉബയ്യുബ്നു കഅ്ബ്(റ), അബ്ദുല്ലാഹിബ്നു മസ് ഊദ്(റ), അബൂമൂസൽ അശ്അരി(റ), മിഖ്ദാദുബ്നു അംറ്(റ) തുടങ്ങിയ വർ ഇങ്ങനെ ഖുർആനിലെ പല ഭാഗങ്ങളും എഴുതി സൂക്ഷിച്ചിരുന്നവ രാണ്.

ഇപ്രകാരം, നബി(സ)യുടെ ജീവിതകാലത്തുതന്നെ ഖുർആൻ മുഴുവൻ വിവിധ ഖണ്ഡങ്ങളായി രേഖപ്പെടുത്തുകയുണ്ടായി. എഴുതിവ യ്ക്കുന്നതിനു പുറമെ, നബി(സ) ജിബ്രീലിൽനിന്ന് ഹൃദിസ്ഥമാക്കിയ ഖുർആനിലെ ഭാഗങ്ങൾ തന്റെ അനുചരന്മാർക്ക് ഓതിക്കേൾപ്പിക്കു കയും അവരുമത് മനഃപാഠമാക്കുകയും ചെയ്തിരുന്നതായും പ്രവാചകച രിത്രം പറയുന്നു.

ഇസ്ലാമിലെ അടിസ്ഥാനതത്ത്വങ്ങളും ജീവിതത്തിലെ എല്ലാ വശങ്ങളുമായും ബന്ധപ്പെട്ട നിയമനിർദേശങ്ങളുമടങ്ങിയതും ദിവ സേന നമസ്കാരങ്ങളിൽ പാരായണം ചെയ്യേണ്ടതുമായ ഖുർആൻസൂ ക്തങ്ങൾ കഴിയുന്നത്ര മനഃപാഠമാക്കാൻ നബി(സ)യുടെ അനുയായിക ളെല്ലാവരും ശ്രദ്ധിച്ചിരുന്നു. മക്കയിൽ അർഖമുബ്നു അബിൽഅർഖമി( റ)ന്റെ ഭവനത്തിൽ മുസ്ലിംകൾ രഹസ്യമായി ഒരുമിച്ചുകൂടി ഖുർആൻ

പഠിക്കാറുണ്ടായിരുന്നതായും മദീനയിൽ നബിയുടെ പള്ളി(മസ്ജിദുന്നബവി)യിൽ ധാരാളം പേർ ഖുർആൻപഠന-പാരായണത്തിലേർപ്പെട്ടിരുന്നതിനാൽ പള്ളി ശബ്ദമുഖരിതമായിരുന്നതായും ഹദീസുകളിൽനിന്ന് ഗ്രഹിക്കാം. പ്രവാചകത്വലബ്ധിയുടെ അഞ്ചാം വർഷത്തിൽ നടന്ന ഉമറുബ്നു ഖത്ത്വാബിന്റെ മാനസാന്തരസംഭവത്തിൽ ഉമറിന്റെ സഹോദരി ഫാത്വിമയും ഭർത്താവ് സഈദും പാരായണം ചെയ്തുകൊണ്ടിരുന്ന ഖുർആനെഴുതിയ ഏട് ഉമർ വരുന്നതുകണ്ടപ്പോൾ മറച്ചുവച്ചതായും പിന്നീട് അതിലെഴുതിയ ഖുർആൻസൂക്തങ്ങൾ പാരായണം ചെയ്ത ഉമറിന് മാനസാന്തരം സംഭവിച്ചതായും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ, നബിയുടെ ജീവിതകാലത്തുതന്നെ ധാരാളം പ്രവാചകശിഷ്യന്മാർ ഖുർആൻ എഴുതിസൂക്ഷിക്കുകയും മനഃപാഠമാക്കുകയും ചെയ്തിരുന്നു.

## ക്രോഡീകരണ ചരിത്രം

വിവിധ ഖണ്ഡങ്ങളായി എഴുതി സൂക്ഷിക്കപ്പെട്ടിരുന്ന ഖുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെട്ടത് നബി(സ)യുടെ മരണശേഷം രണ്ടു വർഷങ്ങൾക്കകം ഒന്നാം ഖലീഫ അബൂബക്റി(റ)ന്റെ കാലത്താണ്. യമാമയിൽ വ്യാജപ്രവാചകൻ മുസൈലിമയുമായി നടന്ന സംഘട്ടനത്തിൽ ഖുർആൻ ഹൃദിസ്ഥമായിരുന്ന എഴുപതോളം സ്വഹാബിമാർ രക്തസാക്ഷികളായ പശ്ചാത്തലത്തിൽ ദീർഘദൃക്കായ ഉമർ(റ) ഖുർആന്റെ സംരക്ഷണത്തിനായി അത് ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കേണ്ടതിന്റെ ആവശ്യകത ഖലീഫയെ ബോധ്യപ്പെടുത്തി. അബൂബക്ർ(റ) ആ അഭിപ്രായമംഗീകരിക്കുകയും നബി(സ)യുടെ കാലത്ത് വഹ്യ് എഴുത്തുകാരിലൊരാളും ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയിരുന്ന സ്വഹാബിയുമായ സൈദുബ്നു സാബിതി(റ)നെ ഖുർആൻ ക്രോഡീകരിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. നബി(സ)യുടെ ഗൃഹത്തിൽ സൂക്ഷിച്ചിരുന്ന ഖുർആൻലിഖിതങ്ങളും അവയോടൊപ്പം വിവിധ സ്വഹാബിമാർ എഴുതിവച്ചിരുന്നതും ഹൃദിസ്ഥമാക്കിയിരുന്നതുമായ ഭാഗങ്ങളും മുഴുവൻ പരിശോധിച്ച് ഏറ്റവും വിശ്വസനീയമായ രൂപത്തിൽ ഖുർആൻ മുഴുവൻ സമാഹരിച്ചു. ഹി. 12-ാം വർഷത്തിലായിരുന്നു അത്. ഇപ്രകാരം സൈദുബ്നു സാബിത്(റ) എഴുതിത്തയാറാക്കിയ ഖുർആന്റെ പ്രതി -കൂടിയാലോചനകൾക്കുശേഷം 'മുസ്ഹഫ്' എന്നാണതിന് നൽകിയ പേര്- ഖലീഫാ അബൂബക്റി(റ)ന്റെ അടുക്കലും അദ്ദേഹത്തിന്റെ മരണശേഷം രണ്ടാം ഖലീഫ ഉമറി(റ)ന്റെ പക്കലും സൂക്ഷിച്ചു. പത്തര വർഷത്തെ ഭരണത്തിനുശേഷം ഉമർ(റ) മരണപ്പെടുന്ന സമയത്ത് അടുത്ത ഖലീഫയെ നിശ്ചയിച്ചിട്ടില്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ പുത്രിയും നബിപത്നിയുമായിരുന്ന ഹഫ്സ്വ(റ)യുടെ പക്കലാണ് അത് സൂക്ഷിച്ചത്.

ഖുർആൻ ക്രോഡീകരണചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഈ ഘട്ടത്തിനുശേഷം അടുത്ത സുപ്രധാന നീക്കമുണ്ടായത് മൂന്നാം ഖലീഫ ഉസ്മാ(റ)ന്റെ ഭരണകാലത്താണ്. രണ്ടാം ഖലീഫയുടെ കാലം മുതൽ ഇസ്ലാമികരാഷ്ട്രത്തിന്റെ അതിരുകൾ വികസിക്കുകയും ഉസ്മാ(റ)ന്റെ കാലമായപ്പോഴേക്ക് ഇറാഖ്, സിറിയ, ഈജിപ്ത് തുടങ്ങിയ നാടുകളിൽ ഇസ്ലാം വ്യാപകമായി പ്രചരിക്കുകയും ചെയ്തതോടെ അറബി മാതൃഭാഷയല്ലാത്ത ആയിരക്കണക്കിന് മുസ്ലിംകൾ ഖുർആൻ പഠിക്കാനും പാരായണം ചെയ്യാനുമാരംഭിച്ചു. നബി(സ)യിൽനിന്നും സ്വഹാബിമാരിൽനിന്നും ഖുർആൻ കേട്ടുപഠിച്ച ആളുകളാണവർക്കത് പഠിപ്പിച്ചതെങ്കിലും സ്വാഭാവികമായും വിവിധ പ്രദേശക്കാർക്കിടയിൽ ഖുർആൻപാരായണത്തിൽ പാഠഭേദങ്ങൾ പ്രകടമായി. സിറിയൻ-ഇറാഖ് പ്രദേശങ്ങളിൽ മുസ്ലിംസേനയോടൊപ്പമുണ്ടായിരുന്ന പ്രസിദ്ധ സ്വഹാബി ഹുദൈഫത്തുബ്നു യമാൻ(റ) മദീനയിൽ തിരിച്ചെത്തി ഖലീഫാ ഉസ്മാ(റ)നെ ഇക്കാര്യമറിയിക്കുകയും ജനങ്ങൾക്കിടയിൽ ഖുർആൻപാരായണത്തിൽ ഭിന്നത വ്യാപിക്കുന്നത് തടയാനാവശ്യമായ നടപടികളെടുക്കാനഭ്യർഥിക്കുകയും ചെയ്തു.

മദീനയിൽതന്നെ വിവിധ സ്വഹാബിമാരുടെ അടുത്തുനിന്ന് ഖുർആൻ പാരായണമഭ്യസിച്ചിരുന്നവർ വ്യത്യസ്ത രീതികളിൽ ഓതുന്നത് ശ്രദ്ധയിൽപെട്ട ഖലീഫ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ടെന്ന് തീർച്ചപ്പെടുത്തി. അതിനായദ്ദേഹം ഉമ്മുൽ മുഅ്മിനീൻ ഹഫ്സ്വ(റ)യുടെ പക്കൽ സൂക്ഷിച്ചിരുന്ന മുസ്ഹഫ് വരുത്തി അതിൽനിന്ന് കൂടുതൽ പകർപ്പുകൾ എഴുതിത്തയാറാക്കാൻ നേരത്തേ ഖുർആൻ സമാഹരിക്കാൻ ഖലീഫാ അബൂബക്ർ(റ) ചുമതലപ്പെടുത്തിയിരുന്ന സൈദുബ്നു സാബിതി(റ)നെത്തന്നെ ഭരമേൽപിച്ചു. അദ്ദേഹത്തെ സഹായിക്കാൻ ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയിരുന്ന അബ്ദുല്ലാഹിബ്നു സുബൈർ(റ), സഈദുബ്നുൽ ആസ്(റ), അബ്ദുർറഹ്മാനുബ്നു ഹാരിസ്(റ) എന്നിവരെയും നിയോഗിച്ചു. ഹി. 25-ാം വർഷത്തിൽ ഉസ്മാൻ നിയോഗിച്ച പ്രസ്തുത സമിതി ഏതാനും മാസങ്ങൾകൊണ്ട് തയാറാക്കിയ മുസ്ഹഫിന്റെ പകർപ്പുകൾ പ്രധാന മുസ്ലിംകേന്ദ്രങ്ങളിലേക്കയച്ചുകൊണ്ട് മേലിൽ ഖുർആൻപാരായണം ചെയ്യുന്നതും പഠിപ്പിക്കുന്നതും അതനുസരിച്ചായിരിക്കണമെന്ന് ഖലീഫ ഉത്തരവിറക്കി. നാലു മുസ്ഹഫുകളാണ് ഇപ്രകാരം എഴുതിയുണ്ടാക്കിയതെന്നും അവ ഏഴെണ്ണമായിരുന്നുവെന്നും അഭിപ്രായങ്ങളുണ്ട്. ആദ്യത്തേതനുസരിച്ച് മുസ്ഹഫിന്റെ മൂന്നു പ്രതികൾ കൂഫ, ബസ്വറ, സിറിയ എന്നിവിടങ്ങളിലേക്കയക്കുകയും നാലാമത്തേത് ഖലീഫ സ്വന്തമായി സൂക്ഷിക്കുകയും ചെയ്തു. മക്ക, യമൻ, ബഹ്റൈൻ എന്നിവിടങ്ങളിലേക്കും ഓരോ പകർപ്പ് അയച്ചതായാണ് ഏഴു പ്രതികൾ തയാറാക്കിയെന്ന പക്ഷമനുസരിച്ച് ഗണിക്കപ്പെടുന്നത്. *അൽമസ്വാഹിഫുൽ അഇമ്മഃ* (മാതൃകാമുസ്ഹഫുകൾ) എന്ന പേരിലാണിവ അറിയപ്പെടുന്നത്. അറബിഭാഷയിലെ ചില അക്ഷരങ്ങൾക്ക് ഇന്നുള്ള പോലെ പുള്ളികളിടുന്ന സമ്പ്രദായം അക്കാലത്ത് ആരംഭിച്ചിരുന്നില്ല. സ്വരചിഹ്നങ്ങളായ ഹർകത്തുകളും അന്നുപയോഗിച്ചിരുന്നില്ല. പുള്ളികളും സ്വരചിഹ്നങ്ങളുമില്ലാത്ത അക്ഷരങ്ങളിലാണ് ഉസ്മാനീ മുസ്ഹഫുകൾ എഴുതപ്പെട്ടിരുന്നത്. വിവിധ അധ്യായങ്ങൾ വേർതിരിക്കുന്ന അടയാളങ്ങളും അവയിലുണ്ടായിരുന്നില്ല. 40 വർഷങ്ങൾക്കുശേഷം അമവീഖലീഫ അബ്ദുൽമലികിന്റെ കാലത്ത് പ്രവിശ്യാ ഗവർണർമാരായിരുന്ന ഉബൈദുല്ലാഹിബ്നു സിയാദിന്റെയും ഹജ്ജാജുബ്നു യൂസുഫിന്റെയും നിർദേശാനുസരണം നടന്ന ലിപിപരിഷ്കരണങ്ങളിലാണ് സദൃശമായ അക്ഷരങ്ങൾ വേർതിരിക്കാൻ പുള്ളികളിടുന്ന രീതിയും സ്വരചിഹ്നങ്ങളിടുന്ന സമ്പ്രദായവുമാരംഭിച്ചത്.

ഉസ്മാൻ(റ) തയാറാക്കി വിവിധ മുസ്ലിംഭരണപ്രദേശങ്ങളിലേക്കയച്ച മുസ്ഹഫുകൾ ദീർഘമായ നൂറ്റാണ്ടുകളോളം ഖുർആന്റെ ആധികാരികപതിപ്പുകളെന്ന നിലയ്ക്ക് മുസ്ലിംലോകത്ത് നിലനിന്നു. ഓരോ മുസ്ഹഫിനോടുമൊപ്പം ഓരോ അംഗീകൃത *ഖാരിഇ*(ഖുർആൻപാരായണവിദഗ്ധൻ)നെയും ഉസ്മാൻ(റ) വിവിധ നാടുകളിലേക്കയച്ചിരുന്നു. മദീനയിൽ സൈദുബ്നു സാബിത്, മക്കയിൽ അബ്ദുല്ലാഹിബ്നുസ്സാഇബ്, സിറിയയിൽ മുഗീറതുബ്നുശ്ശിഹാബ്, കൂഫയിൽ അബൂ അബ്ദിർറഹ്മാനുസ്സുലമി, ബസ്വറയിൽ ആമിറുബ്നു അബ്ദിൽഖൈസ് എന്നിവരുടെ പേരുകൾ ഈ ഗണത്തിൽ ചരിത്രം രേഖപ്പെടുത്തുന്നു. തൗറാത്ത്, ഇഞ്ചീൽ മുതലായ പൂർവവേദങ്ങളിൽനിന്ന് ഭിന്നമായി അന്തിമ ദൈവഗ്രന്ഥമായ ഖുർആൻ ഒരക്ഷരത്തിനുപോലും വ്യത്യാസമില്ലാതെ ഇന്നുവരെയും അതിന്റെ യഥാർഥരൂപത്തിൽ നിലനിന്നത്. 'നാമാണ് ഈ ഉദ്ബോധനം അവതരിപ്പിച്ചത്; നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്' എന്ന അല്ലാഹുവിന്റെ പ്രഖ്യാപനത്തിന്റെ പുലർച്ചയെന്ന നിലയ്ക്ക് അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യും ഖലീഫാ അബൂബക്ർ(റ) മുതലുള്ള ഇസ്ലാമികരാഷ്ട്രത്തിലെ ഭരണാധികാരികളും അനുവർത്തിച്ച യുക്തിഭദ്രവും പ്രായോഗികവുമായ നടപടികളുടെ ഫലമായിട്ടാണെന്നത് നിസ്തർക്കമാണ്.

ഉസ്മാനീ മുസ്ഹഫുകൾ അവയുടെ പ്രാചീനലിപിരൂപത്തിൽതന്നെ ഏഴെട്ടുനൂറ്റാണ്ടുകാലമെങ്കിലും നിലനിന്നിരുന്നുവെന്നാണ് ചരിത്രം. ഹി. 774-ൽ മരണമടഞ്ഞ പ്രശസ്ത ഖുർആൻ വ്യാഖ്യാതാവും ചരിത്രകാരനുമായിരുന്ന ഹാഫിള് ഇസ്മാഈലുബ്നു കസീർ ദമസ്കസിലെ പള്ളിയിലെ ഉസ്മാനീ മുസ്ഹഫിന്റെ സിറിയൻപതിപ്പ് നേരിട്ടു കണ്ടതായി തന്റെ *ഫദാഇലുൽ ഖുർആൻ* എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പേ: 49). ഹി. എട്ടാം നൂറ്റാണ്ടിൽ തന്നെ ഖുർആൻവിജ്ഞാനങ്ങളിൽ പണ്ഡിതരായ ശിഹാബുദ്ദീൻ അൽ ഉമരി, ഇബ്നുൽ ജസരി തുടങ്ങിയവർ ഈ മുസ്ഹഫ് നേരിട്ടുകണ്ടതായി രേഖകളുണ്ട്. ഹി. 1370-ൽ ദമസ്കസിലെ പള്ളിയിലുണ്ടായ അഗ്നിബാധയിൽ നശിക്കുന്നതുവരെ അത് നിലനിന്നിരുന്നുവെന്ന് പറയപ്പെടുന്നു.

അറബിഭാഷയിലും ഖുർആൻവിജ്ഞാനങ്ങളിലും പ്രഗത്ഭരായിരുന്ന അബുൽഅസ്‌വദ് ദുഅ്‌ലി, യഹ്‌യബ്നു യഅ്മുർ, നസ്റുബ്നു ആസിമുല്ലൈസി എന്നിവർ ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ അവസാനപകുതിയിൽ മുസ്ഹഫുകളിൽ പുള്ളികളും സ്വരചിഹ്നങ്ങളും ചേർത്തുകൊണ്ടാരംഭിച്ച ലിപി പരിഷ്കരണങ്ങൾ പിൽക്കാലത്ത് ആയത്തുകൾ തമ്മിലും സൂറത്തുകൾ തമ്മിലും വേർതിരിക്കുന്ന അടയാളങ്ങളിടുകയും ജുസ്ഉകളും ഹിസ്ബുകളും റുകൂഉകളുമായി വിഭജിക്കുകയും ഓരോ അധ്യായത്തിനും മുമ്പിൽ അവയുടെ പേർ ചേർക്കുകയും മറ്റും ചെയ്തുകൊണ്ട് ഹി. മൂന്നാം നൂറ്റാണ്ടോടുകൂടി ഇന്നു കാണുന്ന തരത്തിലുള്ള മുസ്ഹഫുകളുടെ രൂപം പ്രാപിക്കുകയുണ്ടായി. അറബിലിപിയിൽ വന്ന പരിഷ്കരണങ്ങളിലൂടെ കൂഫി, നസ്ഖ്, ദീവാനി, സുലുസ് തുടങ്ങി ഭംഗിയുള്ള കൈയെഴുത്തുശൈലികളിലെഴുതപ്പെട്ട മുസ്ഹഫുകളും നിലവിൽവന്നു. മുസ്‌ലിംലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത കൈയെഴുത്തുശൈലികളിൽ പകർത്തിയെഴുതപ്പെട്ട മുസ്ഹഫുകളെല്ലാം ഉസ്മാനീ മുസ്ഹഫുകളെ അവലംബിച്ചായിരുന്നതിനാൽ അവ തമ്മിൽ ലിപിരൂപത്തിലല്ലാതെ അക്ഷരങ്ങളിലോ പദങ്ങളിലോ വ്യത്യാസം കാണപ്പെടുന്നില്ല. അച്ചടിവിദ്യ കണ്ടുപിടിച്ച ശേഷം തുർക്കി, ഇറാൻ, ഇന്ത്യ, ഈജിപ്ത് തുടങ്ങിയ നാടുകളിലെ മുസ്‌ലിംഭരണകൂടങ്ങൾ ആധികാരികമായ മുസ്ഹഫുകൾ അച്ചടിച്ച് വിതരണം ചെയ്തുതുടങ്ങി.

## ഖുർആന്റെ സുരക്ഷിതത്വം

മുഹമ്മദ് നബിക്ക് അല്ലാഹുവിന്റെ സന്ദേശവും മാർഗദർശനവുമായി ലഭിച്ച ഖുർആനിൽ യാതൊരു മാറ്റത്തിരുത്തലുകളും സംഭവിച്ചിട്ടില്ലെന്ന അവകാശവാദം എത്രത്തോളം ശരിയാണ്? താഴെ പറയുന്ന വസ്തുതകൾ പരിശോധിച്ചാൽ ഈ ചോദ്യത്തിന് മറുപടി സ്വയം വ്യക്തമാകുന്നതാണ്:

1. അറിയപ്പെടുന്ന വൈദികമതങ്ങളിൽ അവസാനത്തേതാണ് ഇസ്‌ലാം. പ്രാചീനകാലഘട്ടങ്ങളെ അപേക്ഷിച്ച് മനുഷ്യനാഗരികത താരതമ്യേന വികാസം പ്രാപിക്കുകയും ഭാഷാലിപികൾ നിലവിൽ വരികയും ചെയ്തശേഷം നിലവിൽവന്ന ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണങ്ങളും നിയമവ്യവസ്ഥയും അതിന്റെ പ്രഥമാചാര്യന്റെ നാവിൽനിന്ന് പുറത്തുവന്ന അതേ വാക്കുകളിലും ആശയത്തിലും നിലനിൽക്കുന്നുവെന്ന വസ്തുത പൊതുവെ അംഗീകരിക്കപ്പെട്ട കാര്യമാണ്. അറിയപ്പെടുന്ന ഇതര വേദഗ്രന്ഥങ്ങളുടെ മൂലഭാഷകൾ സഹസ്രാബ്ദങ്ങളായി സംസാരഭാഷയെന്ന നിലയ്ക്ക് എവിടെയും പ്രയോഗത്തിലില്ലാത്തതിനാൽ 'മൃതഭാഷ'കളായി ഗണിക്കപ്പെടുമ്പോൾ മുഹമ്മദ് നബി സംസാരിച്ചിരുന്ന അറബിഭാഷ അതിന്റെ ക്ലാസ്സിക്കൽ രൂപത്തിൽ ഇന്നും മുപ്പതോളം രാജ്യങ്ങളിൽ കോടിക്കണക്കിൽ ജനങ്ങളുടെ സംസാരഭാഷയും വ്യവഹാരഭാഷയുമെന്ന നിലയ്ക്ക് അംഗീകൃതലോകഭാഷകളിലൊന്നായി പ്രചാരത്തിലുണ്ടെന്നതും ഇതിനുപോദ്ബലകമായി വർത്തിക്കുന്നു.

2. ആദിമരൂപത്തിൽ ഖുർആൻ ഇന്നും സ്ഥിതി ചെയ്യുന്നുവെന്ന വസ്തുതയ്ക്ക് ചരിത്രപരമായ തെളിവുകളുണ്ട്. 'അതിന്റെ സമാഹരണവും പാരായണവും നമ്മുടെ ബാധ്യതയാണ്. അതിനാൽ നാമത് ഓതിത്തരുമ്പോൾ താങ്കളതിന്റെ പാരായണത്തെ അനുഗമിക്കുക' എന്നും, 'ഈ അനുസ്മരണം നാം ഇറക്കിയതാകുന്നു; അതിനെ നാം തന്നെ എന്നെന്നും സംരക്ഷിക്കുന്നതുമാണ്' എന്നും ഖുർആനിൽ മുഹമ്മദ് നബിയെ അഭിസംബോധനചെയ്ത് പറഞ്ഞതിന്റെ സാക്ഷാത്കാരമായി ഭദ്രമായ സംവിധാനങ്ങളിലൂടെ ഖുർആന്റെ സംരക്ഷണം അല്ലാഹു ഉറപ്പുവരുത്തിയിട്ടുണ്ട്. ഒന്നാമതായി, അൽപാൽപമായി അവതരിപ്പിക്കപ്പെട്ട ഖുർആൻഭാഗങ്ങൾ മുഴുവൻ നബി ഹൃദിസ്ഥമാക്കി. രണ്ടാമതായി ഖുർആൻ നബിയുടെ നാവിൽനിന്ന് ശ്രവിച്ച നിരവധി ശിഷ്യന്മാർ അത് മുഴുവൻ മനഃപാഠമാക്കി. മൂന്ന്, അവതീർണമായിക്കൊണ്ടിരുന്ന ഖുർആൻസൂക്തങ്ങളും അധ്യായങ്ങളും അപ്പപ്പോൾ എഴുതിവച്ചുകൊണ്ടിരുന്നു. ഇങ്ങനെ ഖുർആന്റെ അവതരണം ഇരുപത്തിമൂന്നു വർഷത്തിനകം പൂർത്തിയാകുമ്പോഴേക്ക് മുഴുവനായോ അതിലെ വിവിധ ഭാഗങ്ങളോ ആയിരക്കണക്കിനാളുകളുടെ മസ്തിഷ്കങ്ങളിലും വിവിധ ഏടുകളിലും സുരക്ഷിതമായിക്കഴിഞ്ഞിരുന്നു. നാല്, അവതരണം പൂർത്തിയായി രണ്ടു വർഷത്തിനകം ഒന്നാം ഖലീഫ അബൂബക്റിന്റെ നിർദേശപ്രകാരം ഖുർആൻ എഴുതിവച്ച ഏടുകളടിസ്ഥാനമാക്കിയും അത് മനഃപാഠമാക്കിയ എല്ലാവരിൽനിന്നും കേട്ട് ഉറപ്പുവരുത്തിയും ഒരൊറ്റ ഗ്രന്ഥത്തിൽ അത് പകർത്തി. ഈ ആധികാരികഗ്രന്ഥമായിരുന്നു ഒന്നും രണ്ടും ഖലീഫമാരുടെ കാലത്ത് ഖുർആൻപഠനത്തിന് മുഖ്യാവലംബം. അഞ്ച്, മൂന്നാം ഖലീഫ ഉസ്മാൻ ഈ ആധികാരികഗ്രന്ഥത്തിന്റെ പകർപ്പുകൾ തയാറാക്കി മുസ്‌ലിം പ്രവിശ്യകളിലെ ഗവർണർമാർക്കയച്ചുകൊടുത്തു. ഖുർആന്റെ ഈ പ്രാമാണികപതിപ്പുകളെ അവലംബിച്ചായിരുന്നു പിന്നീട് മുസ്‌ലിം ലോകത്തുടനീളം മുസ്ഹഫുകളുടെ കൈയെഴുത്തുപ്രതികൾ തയാറാക്കപ്പെട്ടത്. ഖുർആന്റെ സംരക്ഷണത്തിൽ നബിയും ഖലീഫമാരും മൊത്തം മുസ്‌ലിംസമൂഹവും പതിപ്പിച്ച ഈ ശ്രദ്ധയുടെയും സൂക്ഷ്മതയുടെയും ഫലമാണ് ഇന്ന് നൂറ്റിയിരുപത് കോടിയിലധികം വരുന്ന മുസ്‌ലിംകൾ ജീവിക്കുന്ന അഞ്ചു വൻകരകളിലുമുൾപ്പെട്ട എല്ലാ രാജ്യങ്ങളിലും പ്രചാരത്തിലുള്ള കോടിക്കണക്കിൽ മുസ്ഹഫുകളെല്ലാം പരസ്പരം യാതൊരു വ്യത്യാസവും വൈരുധ്യവുമില്ലാതെ തീർത്തും ഏകരൂപത്തിൽ സ്ഥിതിചെയ്യുന്നത്.